**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3520** **12-03-2025 - ൽ മറുപടിയ്ക്ക്**

**അഗ്രോ സർവ്വീസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര അഗ്രോ സർവ്വീസ് സെന്ററുകളാണ് അനുവദിച്ചിട്ടുള്ളത്; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിൽ നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 50 കൃഷിശ്രീ സെന്ററുകളാണ് (അഗ്രോ സർവ്വീസ് സെന്ററുകൾ) അനുവദിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ നിലവിൽ കുന്നമ്മൽ, കൊടുവള്ളി, ചേളന്നൂർ (കാക്കൂർ), ബാലുശ്ശേരി, മേലാടി (തിക്കോടി), പേരാമ്പ്ര, പന്തലായിനി (കൊയിലാണ്ടി), തോടന്നൂർ, വടകര എന്നീ ബ്ലോക്കുകളിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നത്. |
| (ബി) | ബാലുശ്ശേരി ബ്ലോക്കിൽ അഗ്രോ സെന്റർ അനുവദിക്കുന്നതിനായി പുതിയ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഒരു ബ്ലോക്കിൽ നിലവിൽ ഒരു അഗ്രോ സെന്റർ മാത്രമാണോ അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ബാലുശ്ശേരി ബ്ലോക്കിൽ അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതിന് പുതിയ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. ഒരു ബ്ലോക്കിൽ നിലവിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. |
| (സി) | അഗ്രോ സർവ്വീസ് സെന്ററുകളിൽ എന്തൊക്കെ സേവനങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ? | (സി) | അഗ്രോ സർവ്വീസ് സെന്ററുകളിലൂടെ കർഷകർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. കർഷകർക്ക് യഥാസമയം തൊഴിലാളികളെയും യന്ത്രസാമഗ്രികളും നൽകിക്കൊണ്ട് കാർഷിക മേഖലയിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പിന്തുണ നൽകുക.
2. കൃഷിക്കാർക്ക് ആവശ്യമായ ഗുണനിലവാരമുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ, രാസവളങ്ങൾ, സൂക്ഷ്മ പോഷകങ്ങൾ എന്നിവ ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
3. ജൈവ രോഗകീട നിയന്ത്രണ വസ്തുക്കൾ, ഫെറോമോൺ കെണികൾ, ജൈവ വളങ്ങൾ, ബയോഫെർട്ടിലൈസർ, ചെടികളുടെ മറ്റിതര ജൈവ ഉല്പാദനഘടകങ്ങൾ എന്നീ സേവനങ്ങൾ നൽകുന്ന  ബയോ ഫാർമസികൾ സജ്ജമാക്കുക.
4. വിള പരിപാലനം, വളർച്ച, സസ്യരോഗ്യ സംരക്ഷണം, ഫാം ക്ലിനിക് സേവനം, കാലാവസ്ഥയുമായി ബന്ധപ്പെട്ട സേവനങ്ങൾ, രോഗ കീട നിരീക്ഷണം, വിള ആരോഗ്യ നിരീക്ഷണം എന്നീ സേവനങ്ങൾ നൽകുന്നതിന് സംവിധാനം ഒരുക്കുക, സേവനം നൽകുക.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ തരിശുഭൂമിയിൽ കൃഷി ചെയ്യുക.
6. കാർഷിക യന്ത്രങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ യഥാസമയം അറ്റകുറ്റപണി നടത്തി പ്രവർത്തന സജ്ജമാക്കുന്നതിന് റിപ്പയർ, സർവീസ് യൂണിറ്റുകൾ സ്ഥാപിക്കുക.
7. കാർഷിക കർമ്മസേനയ്ക്ക് കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാടക അടിസ്ഥാനത്തിൽ നൽകുക, കൂടാതെ ബ്ലോക്കിന് കിഴിലുള്ള കർഷിക കർമ്മസേനയുടെ പ്രവർത്തനം സുഗമമാക്കുക.
8. കർഷകരുടെ വയലിൽ കണിക ജലസേചന സംവിധാനങ്ങളായ സ്പ്രിംഗ്ളർ, ഡ്രിപ്പ് ഇറിഗേഷൻ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് സേവനങ്ങൾ നൽകുക.
9. മഴ മറകളും പോളി ഹൗസുകളും നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള 'ഹൈടെക്' നൂതന കാർഷിക രീതികൾ സ്വീകരിക്കുന്നതിനുള്ള സേവനങ്ങൾ നൽകുക.
10. മണ്ണ് പരിശോധന ലബോറട്ടറികൾ സ്ഥാപിക്കുകയും തുടർന്ന് മണ്ണ് പരിശോധന അടിസ്ഥാനത്തിലുള്ള ശിപാർശകൾ നൽകുകയും ചെയ്യുക.
11. ആത്മ സംഘടിപ്പിക്കുന്ന സംസ്ഥാനങ്ങളിലെ/ജില്ലകളിലെ കൃഷിയിട സന്ദർശനങ്ങളിലൂടെ നമ്മുടെ കൃഷിയിടങ്ങൾക്ക് ഉപയോഗപ്രദമാണെന്ന് തിരിച്ചറിഞ്ഞ യന്ത്രങ്ങൾ, സാങ്കേതികവിദ്യ മുതലായവ സമാഹരിക്കുന്നതിനും, ഉപയോഗപ്പെടുത്തുന്നതിനും കർഷകരെ സഹായിക്കുന്നതിന് 'ടെക്നോളജി മീഡിയേറ്റർ', 'ഫെസിലിറ്റേറ്റർ' എന്നീ നിലകളിൽ പ്രവർത്തിക്കുക.

12. ഉല്പാദനക്ഷമതയും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും ആവശ്യമായ നൂതന സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനും ഫലപ്രദമായി നടപ്പാക്കുന്നതിനും വേണ്ടുന്ന സേവനം നൽകുക.
13. കൃഷിക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി കാർഷിക മേഖലയിലെ എല്ലാ സഹായ സേവനങ്ങളും നൽകുക.
14. കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, കാർഷികോൽപ്പന്നങ്ങളുടെ വിപണനം എന്നിവയിലുള്ള സേവനങ്ങൾ നൽകുക.
15. കന്നുകാലി വളർത്തലിനുള്ള ആധുനിക സൗകര്യങ്ങളുള്ള തൊഴുത്തുകൾ, കോഴി വളർത്തൽ, ആട് വളർത്തൽ എന്നിവയ്ക്കുള്ള ഷെഡ്ഡുകൾ, മത്സ്യ വളർത്തൽ ഉപകരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മത്സ്യക്കുളങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി സേവനങ്ങൾ നൽകുക.
16. തൊഴിൽ നൈപുണ്യം, കാര്യക്ഷമത പരിപോഷണം, പ്രവർത്തി പരിചയ പരിശീലനം, പരിശീലന ശേഷം തൊഴിൽ നൽകുന്ന പ്രതലം എന്നിവയുടെ സേവന കേന്ദ്രങ്ങളായി പ്രവർത്തിക്കുക.
17. സർക്കാർ കാലാകാലങ്ങളായി നിർദ്ദേശിക്കുന്നതും ബ്ലോക്ക് തല ഉപദേശക സമിതി തീരുമാനിക്കുന്നതുമായ മറ്റ് സേവനങ്ങൾ സമയാസമയങ്ങളിൽ നൽകുക.

സെക്ഷൻ ഓഫീസർ